MANGALAM പ്രവാസി

വാർത്തകൾ അപ്ഡേറ്റായി നിങ്ങൾക്കൊപ്പം
Mangalam News App



# സമതുലിതമായ ബജറ്റ് : ദോഹ ബാങ്ക് സി.ഇ.ഒ സീതാരാമൻ

Story Dated: Tuesday, March 1, 2016 12:48



ദോഹ: ആഗോള സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സമതുലിതമായ ബജറ്റാണ് അവതരിപ്പിച്ചതെന്ന് ദോഹ ബാങ്ക് സി.ഇ.ഒ ഡോക്ടർ ആർ.സീതാരാമൻ. ഇന്ത്യൻ കോർപ്പറേറ്റ് ബന്ധങ്ങളിൽ എൻആർഐ നിക്ഷേപകർക്കുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതാണ് ബജറ്റെന്നും സീതാരാമൻ മംഗളത്തോട് പറഞ്ഞു.

ഇന്ത്യയുടെ വിദേശ വിനിമയ കരുതൽ യു.എസ് .ഫെഡ് നിരക്ക് വിലവർധന നിയന്ത്രിക്കാൻ സഹായമാകും.ബജറ്റ് മുപ്പതു ലക്ഷം ചെറുകിടസംരംഭകർക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.എണ്ണവിലയിടിവ് ബജറ്റിൽ പ്രതിഫലിച്ചിട്ടുണ്ടെന്നും സീതാരാമൻ പ്രതികരിച്ചു. അതേസമയം റബർ വിഷയം ഉൾപ്പെടെ കേരളത്തിന്റെ പ്രശ്നങ്ങൾക്ക് ബജറ്റിൽ പരിഗണനനൽകാത്തതിൽ പ്രവാസികൾക്കിടയിൽ അമർഷമുയരുന്നുണ്ട്. എയർ കേരളയ്ക്ക് ഇളവുനൽകാത്തതിൽ വിവിധ പ്രവാസ സംഘടനകൾ പ്രതിഷേധത്തിലാണ്.

റിപ്പോർട്ടർ- മുഹമ്മദ് ഷഫീക്ക് അറക്കൽ